**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539** **28-06-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് സബ്ട്രഷറി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് സബ്ട്രഷറി കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മുൻപ് കാസർഗോഡ് സബ് ട്രഷറി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിനു 52 വർഷത്തെ പഴക്കമുണ്ടായിരുന്നു. പുതിയ സബ് ട്രഷറി കെട്ടിടം 20/06/2022 ന് ബഹു. ധനകാര്യ വകുപ്പ മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. |
| (ബി) | റെക്കോർഡുകളും മറ്റു പ്രധാനപ്പെട്ട രേഖകളും സൂക്ഷിക്കുവാൻ ഇവിടെ പരിമിതികൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പഴയ കെട്ടിടം ചോർന്നൊലിക്കുകയും സീലിങ് പൊളിഞ്ഞ അവസ്ഥയിലുമായിരുന്നതിനാൽ പെൻഷൻ ബുക്കുകളും മറ്റ് റെക്കോർഡുകളും സൂക്ഷിക്കുന്നതിന് പരിമിതികളുണ്ടായിരുന്നു. |
| (സി) | പഴക്കംചെന്ന പല രേഖകളും നശിച്ചതായി പറയപ്പെടുന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ; | (സി) | ശരിയാണ്. വർഷങ്ങൾക്കു മുമ്പ് റെക്കോർഡ് റൂമിന്റെ ഒരു ഭാഗത്തെ സീലിംഗ് അടർന്ന് വീണ് 2005-2006 വർഷത്തെ എക്സ്പെൻഡിച്ചർ രജിസ്റ്റർ നശിച്ചു പോയിട്ടുണ്ട്. |
| (ഡി) | ജീർണിച്ച കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കാസർഗോഡ് സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കി കെട്ടിടത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 20/06/2022 നു ബഹു. ധനകാര്യ വകുപ്പ മന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ